**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 81** | **07-12-2022 - ൽ മറുപടിയ്ക്ക്**

**മിൽമ പാലിന്റെ വിലവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മിൽമ പാലിന് വില വർദ്ധനവിലൂടെ ലഭിക്കുന്ന തുക കർഷകന് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പാലിന്റെ വിൽപ്പന വില ലിറ്ററിന് 6 രൂപ വച്ച് വർദ്ധിപ്പിച്ച് ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. പാൽ വില ലിറ്ററിന് 6.00 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം (5.025 രൂപ) കർഷകർക്കും ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതവും (0.345 രൂപ) മിൽമക്ക് 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0% കൊഴുപ്പും, 8.5% കൊഴിപ്പിതര പദാർത്ഥങ്ങളും ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. മേഖലായൂണിയനുകളിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങളിലേക്കും ക്ഷീര സംഘങ്ങളിൽ നിന്ന് കർഷകർക്കും വേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലാ യൂണിയനുകളിലും എത്തിച്ചിട്ടുണ്ട്<br><br>പുതിയ സംഭരണവില 01.12.2022 മുതൽ നടപ്പിൽ വരുത്തുന്നതാണ് എന്ന് കാണിച്ച് ഫെഡറേഷൻ സർക്കുലറുകൾ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. കൃത്യമായി പത്ത് ദിവസത്തിലൊരിക്കൽ പാൽ വില നൽകുന്ന രീതിയാണ് മിൽമ തുടർന്ന് വരുന്നത്.<br><br>ക്ഷീര വികസന വകുപ്പിലെ ജില്ലാ ഗുണനിയന്ത്രണ ഓഫീസർമാരും ക്ഷീര വികസന ഓഫീസർമാരും |

| | | | |
|---|---|---|---|
| | | | യഥാക്രമം ചാർട്ടിലെ പാൽ വില കർഷകന് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | പാലിന്റെ കൊഴുപ്പ് അനുസരിച്ച് കർഷകരെ വിവിധ തട്ടുകളിലാക്കി പട്ടിക തിരിച്ചാണ് മിൽമ പണം നൽകുന്നതെന്നത് വസ്തുതയാണോ; | (ബി) | ക്ഷീരസംഘത്തിൽ ലഭിക്കുന്ന പാലിന്റെ ഗുണനിലവാരത്തിനനുസരിച്ച് വില ലഭിക്കുന്ന രീതിയിലാണ് മിൽമ പാൽ വില ചാർട്ട് തയ്യാറാക്കിയിരിക്കുന്നത്. 3.0% കൊഴുപ്പും, 8.5% കൊഴിപ്പിതര പദാർത്ഥങ്ങളും ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന ശരാശരിയായ 4.1% കൊഴുപ്പും 8.3% കൊഴുപ്പിതര പദാർത്ഥങ്ങളും ഗുണനിലവാരമുള്ള പാലിന് മേഖലാ യൂണിയനുകൾ ലിറ്ററിന് 6.07 രൂപ വില വർദ്ധനവ് സംഘങ്ങൾക്ക് നൽകുമ്പോൾ സംഘങ്ങളിൽ നിന്നും കർഷകർക്ക് ലഭിക്കുന്ന വർദ്ധനവ് 5.68 രൂപയാണ്. കർഷകർക്ക് പരമാവധി സഹായം നൽകുക എന്ന രീതിയിൽ ഗുണനിലവാരത്തിനനുസരിച്ച് ക്രമാനുഗതമായ ചാർട്ട് ശാസ്ത്രീയമായാണ് തയ്യാറാക്കിയിരിക്കുന്നത്. |
| (സി) | ഓരോ മേഖലയിലും കാലാവസ്ഥയനുസരിച്ച് പാലിന്റെ കൊഴുപ്പിൽ ഉണ്ടാകുന്ന വ്യതിയാനം കാരണം കർഷകന് രണ്ടോ മൂന്നോ രൂപ മാത്രമേ അധികമായി ലഭിക്കുകയുള്ളൂവെന്നുള്ള ക്ഷീര കർഷകരുടെ ആശങ്ക പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | പാൽ വില ലിറ്ററിന് 6.00 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം (5.025 രൂപ) കർഷകർക്കും ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതവും (0.345 രൂപ) മിൽമക്ക് 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0% കൊഴുപ്പും, 8.5% കൊഴിപ്പിതര പദാർത്ഥങ്ങളും ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്.<br><br>മേഖലായൂണിയനുകളിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങളിലേക്കും ക്ഷീര സംഘങ്ങളിൽ നിന്ന് കർഷകർക്കും വേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലാ മേഖലായൂണിയനുകളിലും എത്തിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പുതിയ സംഭരണവില 01.12.2022 മുതൽ നടപ്പിൽ വരുത്തുന്നതാണ് എന്ന് കാണിച്ച് ഫെഡറേഷൻ സർക്കുലറുകൾ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. കൃത്യമായി പത്ത് ദിവസത്തിലൊരിക്കൽ പാൽ വില നൽകുന്ന രീതിയാണ് മിൽമ തുടർന്ന് വരുന്നത്.<br><br>ക്ഷീര വികസന വകുപ്പിലെ ജില്ലാ ഗുണനിയന്ത്രണ ഓഫീസർമാരും ക്ഷീര വികസന ഓഫീസർമാരും യഥാക്രമം ചാർട്ടിലെ പാൽ വില കർഷകന് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാന ശരാശരിയായ 4.1% കൊഴുപ്പും, 8.3% കൊഴുപ്പിതര പദാർത്ഥങ്ങളും ഗുണനിലവാരമുള്ള പാലിന് മേഖലാ യൂണിയനുകൾ ലിറ്ററിന് 6.07 രൂപ വില വർദ്ധനവ് സംഘങ്ങൾക്ക് നൽകുമ്പോൾ സംഘങ്ങളിൽ നിന്നും കർഷകർക്ക് ലഭികുന്ന വർദ്ധനവ് 5.68 രൂപയാണ്. കർഷകർക്ക് പരമാവധി സഹായം നൽകുക എന്ന രീതിയിൽ ഗുണനിലവാരത്തിനുസരിച്ച് ക്രമാനുഗതമായ ചാർട്ട് ശാസ്ത്രീമായാണ് തയ്യാറാക്കിയിരിക്കുന്നത്. നിയമവിധേയമായേ പ്രവർത്തിക്കാനാകൂ എന്നുള്ളതിനാൽ ഗുണനിലവാരം കുറഞ്ഞ പാലിന് ആനുപാതികമായി വില നൽകുവാനേ മിൽമയ്ക്ക് സാധിക്കൂ. |

സെക്ഷൻ ഓഫീസർ